## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1367 — 06/03/2018 ൽ മറുപടിക്ക്

# തിരുവനന്തപുരം നഗരത്തിൽ തെരുവ് നായ്ക്കളുടെ ശല്യം

| ചോദ്യം<br>**ശ്രീ.വി.എസ്.ശിവകുമാർ** | മറുപടി<br>**ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| **എ)** തിരുവനന്തപുരം നഗരത്തിൽ തെരുവ് നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** ഇല്ല |
| **ബി)** തെരുവ് നായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് നഗരസഭ നടപ്പാക്കിയ പദ്ധതികൾ ഫലപ്രദമാകുന്നില്ല എന്നത് വസ്തുതയല്ലെയെന്ന് വിശദമാക്കാമോ; | **ബി)** തെരുവ് നായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് തിരുവനന്തപുരം നഗരസഭ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുഴുവൻ പട്ടികളേയും വന്ധ്യംകരണം ചെയ്യുന്നതിലൂടെ മാത്രമേ പൂർണ്ണമായ ഫലപ്രാപ്തി ലഭിക്കുകയുള്ളൂ. |
| **സി)** തിരുവല്ലം മൃഗാശുപത്രിയിൽ എ.ബി.സി. പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ആയതിന് ആവശ്യമായ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ; | **സി)** തിരുവല്ലം മൃഗാശുപത്രിയിൽ എ.ബി.സി. പ്രവർത്തനങ്ങൾ നടക്കുന്നില്ല. ആയതിനാൽ ഡോക്ടർമാരെ നിയമിച്ചിട്ടില്ല. |
| **ഡി)** പ്രഭാത സവാരിക്ക് പോകുന്നവരുൾപ്പെടെയുള്ള നഗരവാസികൾക്ക് തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷമായ സാഹചര്യത്തിൽ എ.ബി.സി. പ്രോഗ്രാം കുറ്റമറ്റരീതിയിൽ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | **ഡി)** നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ